"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ചാവക്കാട് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ആതിഷ്.കെ.സി-യ്ക്ക് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ക്വാട്ടയിൽ ബിരുദാനന്തര ബിരുദ പഠനത്തിന് ഡെപ്യൂട്ടേഷൻ ആനുകൂല്യം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**792/2025/LBR** തീയതി,തിരുവനന്തപുരം, **30-06-2025**

---

പരാമർശം:- 1. **17.11.1999** ലെ സ.ഉ(എം.എസ്)നം.**140/1999**/തൊഴിൽ.

2. **10.07.2008** ലെ സ.ഉ(എം.എസ്)നം.**96/2008**/തൊഴിൽ

3. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ആതിഷ്.കെ.സി സമർപ്പിച്ച അപേക്ഷ.

4. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ **05.12.2024, 22.05.2025** തിയ്യതിയിലെ ഇ6-**2250/2024**/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചാവക്കാട് ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ആതിഷ്.കെ.സി-യ്ക്ക് ഇൻഷുറൻസ് മെഡിക്കൽ സർവീസ് ക്വാട്ടയിൽ പി.ജി കോഴ്സിന് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ **(MS Orthopaedics)** അഡ്മിഷൻ ലഭിച്ചിരുന്നു. കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം കോഴ്സ് കാലാവധി **08.03.2022** മുതൽ **07.03.2025** വരെയാണ്. കോഴ്സിൽ പങ്കെടുക്കുന്നതിനായി ഡോ.ആതിഷ്.കെ.സി-യെ **07.03.2022** അപരാഹ്നം വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുകയുണ്ടായി.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ക്വാട്ടയിൽ പ്രവേശനം നേടി മെഡിക്കൽ പി.ജി പഠിക്കുന്ന ഡോക്ടർമാർക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഡെപ്യൂട്ടേഷൻ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിനാൽ ഡെപ്യൂട്ടേഷൻ ആനുകൂല്യം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം ഡോ.ആതിഷ്.കെ.സി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. കോഴ്സിൽ

പ്രവേശിക്കുന്നതിന് മുൻപായി ഡോ.ആതിഷ്.കെ.സി **50,00,000/-** രൂപയുടെ ബോണ്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ കോഴ്സിന്റെ വിജയകരമായ പൂർത്തീകരണത്തിന് ശേഷം **10** വർഷമോ അല്ലെങ്കിൽ വിരമിക്കൽ പ്രായം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ വകുപ്പിൽ ജോലി ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം **(1)** ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ബോണ്ട് സമർപ്പിച്ചിരിക്കുന്നതെന്നും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചാവക്കാട് ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ആതിഷ്.കെ.സി-യ്ക്ക് **08.03.2022** മുതൽ **07.03.2025** വരെ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ക്വാട്ടയിൽ നടത്തിയ ബിരുദാനന്തര ബിരുദ പഠനത്തിന് പരാമർശ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ഡെപ്യൂട്ടേഷൻ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ.ഡോ.ആതിഷ്.കെ.സി, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 30-06-2025 16:04:46
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.